DESPATCHED
On..16/5/22..

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം–695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 1797(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.15133/SIC-Gen4/2021**

(ഉത്തരവുകൾ **sic.kerala.gov.in** –ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 മേയ് 11

ശ്രീമതി. ചിന്നമ്മ കെ.എം.,
64/192, കൊച്ചുവീട്ടിൽ വീട്,
കൊടവന പറമ്പ, എരഞ്ഞിപ്പാലം പി.ഒ.,
കോഴിക്കോട് – 673 006. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സൂപ്രണ്ട് (പ്ലാനിംഗ്),
   കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ,
   കോഴിക്കോട്.
2. അപ്പീൽ അധികാരി &
   അസിസ്റ്റന്റ് എഞ്ചിനീയർ,
   കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ,
   കോഴിക്കോട്.

} എതിർകക്ഷികൾ .

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 17.9.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 26.10.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 5.11.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 15.11.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 20.11.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 9.12.2021, 14.02.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 23.2.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 10.5.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ | പ്രതിനിധി ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീമതി. ചിന്നമ്മ കെ.എം., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 30 ദിവസം കഴിഞ്ഞും മറുപടി ലഭ്യമാകാത്തതിനെ തുടർന്ന്

നൽകിയ അപ്പീൽ ഹർജി തീർപ്പാക്കി ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയെങ്കിലും ഭാഗീകമായ വിവരങ്ങൾ മാത്രമാണ് നൽകിയതെന്നും ആയതിനാൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 17.9.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ് :

1) Copy of the building permit No.T9/25342/2021 dated 8/4/2021 issued to Fathima Rahisa, Thayulathi House, Cherumoth, Jathiyeri 673 517 with respect to a shop cum night shelter Ward No.64 in survey No.32/21, 32/28 in Kacheri Village.
2) Copy of the building permit application by Fathima Rahisa
3) Copy of the building permit No. T9/25341/2021 dated 19/3/2021 issued to Shafeena, Thayulathil House, Cherumoth, Jathiyeri 673 517 with respect to a shop cum night shelter in Ward No.64 in survey No.32/27, 32/24 in Kacheri Village തുടങ്ങി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 30 ദിവസത്തിനകം മറുപടി നൽകാത്തതിനെ തുടർന്ന് 26.10.2021-ന് നൽകിയ അപ്പീൽ ഹർജി തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ട പകർപ്പുകൾ സൗജന്യമായി അയച്ചു നൽകുന്നതിന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു എന്നാണ്.

4. ഇക്കാര്യത്തിൽ ടൗൺ പ്ലാനിംഗ് വിഭാഗം സൂപ്രണ്ട് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് 27.12.2021-ന് മറുപടി നൽകുകയും ടിപി9/83421/2021 തീയതി 4.12.2022-ന് ആവശ്യപ്പെട്ട പകർപ്പുകൾക്ക് ഫീസ് അടവാക്കി പകർപ്പുകൾ കക്ഷിക്ക് നൽകിയിട്ടുള്ളതുമാണെന്നാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഒന്നാം അപ്പീലധികാരിയുടെ നിർദ്ദേശം ഉണ്ടായിരുന്നിട്ടുപോലും ഹർജിക്കാരി 17.9.2021 ന്

നൽകിയ വിവരാവകാശ അപേക്ഷയ്ക്കും റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള കമ്മീഷന്റെ 9.12.2021-ലെ കത്തിനും സമയബന്ധിതമായി യാതൊരു മറുപടിയും ഒന്നാം എതിർകക്ഷി നൽകിയിട്ടില്ല എന്നും വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകുന്നതിൽ വൈമനസ്യം പുലർത്തുന്നതായും അതുപോലെതന്നെ വളരെ ലാഘവത്തോടെയുള്ള റിപ്പോർട്ടാണ് കമ്മീഷനിൽ 17.2.2022ന് ഒന്നാം എതിർകക്ഷി ഹാജരാക്കിയിട്ടുള്ളതെന്നും കമ്മീഷന് ബോധ്യമാകുന്നു. മാത്രമല്ല സമയബന്ധിതമായി വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാത്തത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20 (1) വകുപ്പു പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചകൾക്ക് കാരണക്കാരനായ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിലുള്ള ടിയാന്റെ വിശദീകരണം 25.5.2022നകം കമ്മീഷൻ മുൻപാകെ ഹാജരാക്കേണ്ടതാണ്. ടി സമയ പരിധിയ്ക്കുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുൻപാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. ഹർജിക്കാരി ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ 4.12.2022 ന് നൽകിയിട്ടുള്ളതായി ഒന്നാം എതിർകക്ഷി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ മറ്റ് നിർദ്ദേശങ്ങൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 11-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk